**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംങ് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുവാൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.01.2024-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

യോഗം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ച് രാവിലെ 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംങ് നടത്തേണ്ടതിന്റെ പ്രസക്തിയെപ്പറ്റി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആമുഖമായി സംസാരിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ പരിഗണിച്ചുകൊണ്ട് ഗ്രേഡിംങ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക രൂപരേഖ തയ്യാറാക്കി പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. പദ്ധതി വിഹിതത്തിന്റെ ചെലവ് മാത്രം അടിസ്ഥാനമാക്കാതെ സ്റ്റേറ്റ് സ്കീം, സെൻട്രൽ സ്കീം എന്നിവയുടെ ഭൗതിക പുരോഗതി കൂടി പരിഗണിച്ച് കൊണ്ടുള്ള ഗ്രേഡിംഗ് സമ്പ്രദായം ആവിഷ്കരിക്കുന്നത് അഭികാമ്യമാവുമെന്ന് അഭിപ്രായപ്പെട്ടു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഹരിതകർമ്മസേനയുടെ യൂസർ ഫീ കളക്ഷനിലെ പുരോഗതി, എം.സി.എഫ്, ആർ.ആർ.എഫ്, പ്രവർത്തനക്ഷമമായ എം.സി.എഫ് എന്നീ കാര്യങ്ങൾ ഗ്രേഡിംഗിന് മാനദണ്ഡമാക്കാവുന്നതാണെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു. ശുചിത്വ റാങ്കിങ്, സ്വരാജ് ട്രോഫി, നാഷണൽ പഞ്ചായത്ത് അവാർഡ്, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് അനുവർത്തിച്ച് വരുന്ന രീതികളിൽ നിന്നും വ്യത്യസ്തമായും അതിലുപരിയായും സമഗ്രമായ ഒരു സങ്കേതമനുസരിച്ചുള്ള ഗ്രേഡിംഗ് സംവിധാനമാണ് ആവിഷ്കരിക്കേണ്ടത് എന്ന് തീരുമാനിച്ചു.

പഞ്ചായത്തിരാജ്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നിക്ഷിപ്തമായ ചുമതലകൾ, കേന്ദ്ര പരിസ്ഥിതി നിയമം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങി ജനന-മരണ രജിസ്ട്രേഷൻ വരെയുള്ള കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. സുസ്ഥിര-വികസന ലക്ഷ്യങ്ങൾ, എസ്.ഡി.ഐ, സിറ്റിസൺ ഫീഡ്ബാക്ക്, ആഡിറ്റ് വിലയിരുത്തൽ തുടങ്ങിയ എല്ലാ കാര്യങ്ങളും

പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ഗ്രേഡിംങ് സംവിധാനം നിലവിൽ വരേണ്ടതുണ്ട്. ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾക്കായി മാനദണ്ഡമാക്കുന്ന 9 സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പുരോഗതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രേഡിംങിനും മാനദണ്ഡമാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു.

യോഗം വിശദമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- ജനാധിപത്യ പ്രാദേശിക സർക്കാറുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അവരുടെ നിശ്ചിത മേഖലയിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല മൊത്തം ചുമതലകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതുണ്ട്. അപ്രകാരം വിലയിരുത്തുമ്പോൾ ചില പ്രത്യേക മേഖലകൾക്ക് (ഉദാ:- അനിവാര്യ ചുമതലയായ മാലിന്യ സംസ്കരണം, പൊതുസൗകര്യങ്ങൾ എന്നിവക്ക്) ഊന്നൽ നൽകി സമഗ്രമായ ഒരു ഗ്രേഡിങ്ങ് സിസ്റ്റം രൂപപ്പെടുത്തണം.

- പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ കേന്ദ്ര പരിസ്ഥിതി നിയമം മുതൽ ജനന- മരണ രജിസ്ട്രേഷൻ നിയമം വരെയും കണക്കിലെടുത്ത് ആവശ്യമായ വെയിറ്റേജ് നൽകി വേണം ഈ ഗ്രേഡിങ്ങ് സംവിധാനം രൂപപ്പെടുത്തേണ്ടത്.

- യു എൻ, നീതി ആയോഗ് എന്നിവർ മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസന സൂചികകകളും മാനവ വികസന സൂചികകളും പരിഗണിക്കേണ്ടതാണ്.

- ഇതിലേക്ക് സോഫ്റ്റ് വെയറുകളിൽ നിന്നുമുള്ള ഡാറ്റ, സർക്കാർ ഏജൻസികളുടെ വിലയിരുത്തൽ, പൊതു സമൂഹത്തിന്റെ വിലയിരുത്തൽ, ഓഡിറ്റ് സംവിധാനത്തിന്റെ വിലയിരുത്തൽ എന്നിങ്ങനെ വിവിധ സ്രോതസ്സുകളിൽ നിന്നുമുള്ള ഇൻപുട്ടുകൾ ശാസ്ത്രീയമായി ഉൾപ്പെടുത്തേണ്ടതുണ്ട്.

- ഈ ഗ്രേഡിങ്ങിന് സ്കെയിൽ ( 0 മുതൽ 5 വരെ അല്ലെങ്കിൽ 0 മുതൽ 1 0 0 വരെ), കളർകോഡിങ്ങ് എന്നിങ്ങനെ ഏത് സങ്കേതം എപ്രകാരം ഉപയോഗിക്കണം എന്നതും പരിഗണിക്കണം.

യോഗത്തിലെ ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും തീരുമാനങ്ങളുടെയും

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രേഡിംങ് നൽകുന്നതിനുള്ള ഗ്രേഡിങ് സിസ്റ്റത്തിന്റെ കരട് തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. അതുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തുന്നതിനും തുടർ നടപടികൾ തീരുമാനിക്കുന്നതിനുമായി ഫെബ്രുവരി-6 - ന് ഉച്ചക്ക് 12.00 മണിക്ക് അടുത്ത യോഗം ചേരുന്നതിനും തീരുമാനിച്ചു. പകൽ 11.30 - ന് യോഗം അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീമതി ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ശ്രീ. എം.ജി. രാജമാണിക്യം, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ശ്രീ. കെ മുഹമ്മദ് വൈ. സഫീറുള്ള, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീ. അലക്സ് വർഗ്ഗീസ്, ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
5. ശ്രീ. ജാഫർ മാലിക്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
6. ശ്രീ. വി.ആർ. പ്രംകുമാർ, ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ശ്രീ. നസിമുദ്ദീൻ. എ, മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
8. ശ്രീമതി ജോസഫൈൻ ജെ, ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
9. ഡോ. രാജേഷ്, കില
10. ശ്രീ. പ്രമോദ് കുമാർ, ചീഫ് ടൗൺ പ്ലാനർ
11. ശ്രീ. രാജീവ് വി.ആർ, ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ശ്രീ. എസ്.ആർ. സനൽ കുമാർ, കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ശ്രീ. സുദേശൻ. വി, കില
14. ശ്രീ. ശ്രീകാന്ത് എ.എസ്, കുടുംബശ്രീ

M B RAJESH

MINISTER

06-02-2024